
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# FIVE BAPTISMS OF THE NEW TESTAMENT

| | NATURE | PURPOSE | BY | SUBJECTS | ELEMENT | ACT | DURATION |
|---|---|---|---|---|---|---|---|
| JOHN'S | Commandment Lk. 7:29,30 | To prepare for Messiah Jn. 1:31 Lk. 3:3-6 Acts 19:4 | John Mk. 1:5 | Penitent Jews Mk. 1:4,5 | Water Jn. 1:26 | Immersion Mk. 1:10 Jn. 3:23 | Ceased before cross Acts 19:3-5 |
| SUFFERING | Experience Mk. 10:38,39 | 1. To bring salvation. I Pet. 2:24 II Cor. 1:5,6 2. Resulting glory Heb. 12:2 II Tim. 2:12 | Wicked Men Acts 2:23 II Thess. 3:1,2 | 1. Jesus Mk. 10:38 2. His followers Mk. 10:39 | Suffering Mk. 10:39 | Overwhelming Matt. 27:46,50 | 1. On the cross Matt. 27:50 2. Till Jesus returns II Tim. 3:12 |
| HOLY SPIRIT | Promise Acts 1:4,5 | 1. To empower for special work Acts 1:8; Jn. 16:13 Jn. 14:26; II Cor. 12:12 2. To prove God's acceptance of Gentiles Acts 11:15-18 | Christ Matt. 3:11 | 1. Apostles Acts 2:1-4 2. Cornelius' household Acts 11:15,16 | Holy Spirit Matt. 3:11 | Overpowering Matt. 10:19,20 Acts 2:4 | Occurred but twice Acts 2,10 Each a special case |
| FIRE | Warning Mat. 3:11,12 | Punishment Matt. 25:45,46 | Christ Matt. 3:11 | Wicked Matt. 3:10 II Thess. 1:7,8 | Fire Matt. 3:11 | Overwhelming Rev. 20:15 | Everlasting Matt. 25:41 |
| GREAT COMMISSION | Commandment Matt. 28:19 Acts 2:38 | Forgiveness Acts 2:38 I Pet. 3:21 | Disciples Matt. 28:19 | Penitent believers Mk. 16:16 Acts 2:38 | Water Acts 8:36-39 | Immersion Rom. 6:3-5 | Till end Matt. 28:19,20 |

// THE BIBLE TRUTH

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനഃരേകീകരണം

Vol. 13 November 1999 No. 8

## എഡിറേറാറിയൽ

ക്രമാതീതമായ ജനപ്പെരുപ്പം രാഷ്ട്രങ്ങളെ അങ്കലാപ്പിൽ ആഴ്ത്തുന്നുണ്ട്. അതിനനുസരിച്ച് പല സംഭവങ്ങളും നടമാടുന്നുണ്ട്. അക്രമങ്ങൾ അതിലൊന്നാണ്. പല രീതിയിലും ഭാവത്തിലും അതു മനുഷ്യരിൽ ആധിപത്യം പുലർത്തുന്നു. നന്മയെയും നീതിയെയും അവഗണിച്ചുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക ഉദ്ദേശം നിറവേററുക എന്നതാണ് ഇതിന്റെ പിന്നിലെ ലക്ഷ്യം. സ്വാർത്ഥതക്കുവേണ്ടി ഏതു ഹീന മാർഗ്ഗവും സ്വീകരിക്കുന്നവരും ഇതുപോലെയാണ്. താൻ പറയുന്നതിലും പ്രവർത്തിക്കുന്നതിലും മറെറാരാൾക്കു എന്തു ഭവിക്കും എന്നതു പ്രശ്നമാക്കാതിരിക്കുന്നതു ക്രൂരമല്ലെങ്കിൽ പിന്നെന്താണ്? ദൈവ സൃഷ്ടിയായ മനുഷ്യനു വിവേചന ബുദ്ധി കൊടുത്തിട്ടുണ്ട്. പക്ഷെ ഭൂരിഭാഗം പേരും അതു ശരിയായി ഉപയോഗിക്കുന്നില്ല എന്നതാണ് പരമാർത്ഥം. മനുഷ്യാവകാശത്തെ നിലനിർത്തുവാൻ ഇന്നു സംഘടനകൾ ലോകം മുഴുവൻ വ്യാപിച്ചിട്ടുണ്ട്. ഒരുപക്ഷെ അവകാശലംഘനം അധികരിച്ചതുകൊണ്ടാകാം അതിന്റെ ആവിർഭാവത്തിനു കാരണം. എനിക്കുള്ളതുപോലെ മററുള്ളവർക്കും സ്വാതന്ത്ര്യവും അവകാശവും ഉണ്ട് എന്ന കാര്യം നാം മറക്കരുത്. പൊതുവായ യാഥാർത്ഥ്യമാണത്. ഏതു രാജ്യത്തും അതു വാസ്തവമാണ്.

ലൗകികമായി ജീവിക്കുന്നവർ അഥവാ ദൈവികമായി

കാര്യങ്ങളെ അവലോകനം ചെയ്യാനോ മനസിലാക്കാനോ പരിശ്രമിക്കാത്തവരെ സംബന്ധിച്ച് ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. അവർ എന്നും ഈ ലോകത്തു വസിക്കാൻ താല്പര്യപ്പെടുന്നു എന്നതാണ് അത്. പക്ഷെ അതു അസാദ്ധ്യമാണെന്നു അവരുടെ അന്ത്യത്തോടെ തെളിയുന്നു. അക്രമ സ്വഭാവം അല്ലെങ്കിൽ നിയമ ലംഘനം നടത്തുന്നതു ആരായാലും അതിന്റെ ഫലത്തെ കുറിച്ച് ചിന്തിക്കണം. ഏതൊരു പ്രവൃത്തിയും ചെയ്യുന്നതിനു മുൻപ് അതിന്റെ ഫലത്തെ കുറിച്ച് ആലോചിക്കണം. അപ്പോഴാണ് ഗുണവും ദോഷവും തിരിച്ചറിയാൻ കഴിയുന്നത്. ചരിത്ര സംഭവങ്ങളും ആനുകാലിക സംഭവങ്ങളും, വിരൽ ചൂണ്ടുന്നതു ക്രിയാത്മക സ്വഭാവത്തേക്കാൾ മനുഷ്യരിൽ ഉയർന്നു നില്ക്കുന്നതു നശീകരണ സ്വഭാവമാണ്. ശാസ്ത്രീയ പരീക്ഷണങ്ങളുടെ പരിണിത ഫലവും നാം ഇത്തരുണത്തിൽ ചിന്തിക്കുന്നതു നന്നായിരിക്കും. ഉപകാരപ്രദമായ പലതിനെയും മററി മറിച്ച് കൃത്രിമമാക്കി മാററുന്നതുകൊണ്ടു പരിസ്ഥിതി പോലും വാസയോഗ്യമല്ലാതായി മാറിയിരിക്കയാണ്. പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്തോറും അവർ സങ്കീർണ്ണ പ്രശ്നങ്ങളിൽ ചെന്നെത്തുകയാണ്. ഇതിൽ നിന്നുള്ള മോചനം അപ്രാപ്യമാണോ ? ഒരിക്കലുമല്ല. സ്വാഭാവിക മാർഗ്ഗത്തിലൂടെ വേണം ഇതിനു പരിഹാരം കാണുവാൻ.

മതപരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങൾ ഇന്നു അതിരു കടക്കുന്നുണ്ട്. വ്യക്തി സ്വാതന്ത്ര്യത്തെ ഹനിക്കുന്ന രീതിയിൽ പലരും വിശ്വാസ വ്യവസ്ഥയെ അടിച്ചമർത്താൻ ശ്രമിക്കുന്നുണ്ട്. ആരാധനാലയങ്ങൾ ചുട്ടെരിക്കുക, വിശുദ്ധ ലിഖിതങ്ങൾ അഗ്നിക്കിരയാക്കുക, എന്തിനേറെ, മനുഷ്യരെപോലും ജീവനോടെ ചുട്ടെരിക്കുക തുടങ്ങിയ ക്രൂരമായ അതിക്രമങ്ങൾ നമ്മുടെ സമൂഹത്തിൽ അർബ്ബുധ വ്യാധിപോലെ പടർന്നിരിക്കയാണ്.

★

# ഒരു ദൈവ പൈതൽ നഷ്ടപ്പെടാനിടയുണ്ടോ?

## J. C. ചോട്ട്

ഒരാൾ ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ ആ വ്യക്തി എന്നേക്കും രക്ഷിക്കപ്പെട്ടിരിക്കുമെന്നും ആ രക്ഷ നഷ്ടപ്പെടുകയില്ലെന്നും പഠിപ്പിക്കുന്ന അനേകർ മതപരമായ ലോകത്തുണ്ട്., നഷ്ടപ്പെടുന്ന വിധത്തിൽ പാപം ചെയ്യാൻ അങ്ങനെയുള്ളവർക്കു കഴിയുകയില്ല എന്നതാണ് അവരുടെ ധാരണ. ഈ ഉപദേശത്തെ വാദിച്ച് ജയിക്കുവാനായി അവർ എടുക്കുന്ന വേദഭാഗങ്ങളിൽ ചിലത് നോക്കാം. ആദ്യമായി യോഹന്നാൻ 10-ാം അദ്ധ്യായം ഇരുപത്തിയേഴും ഇരുപത്തിയെട്ടും വാക്യങ്ങൾ വായിക്കുക. ''എന്റെ ആടുകൾ എന്റെ ശബ്ദം കേൾക്കുന്നു; ഞാൻ അവയെ അറികയും അവ എന്നെ അനുഗമിക്കയും ചെയ്യുന്നു. ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരു നാളും നശിച്ചു പോകയില്ല. ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചു പറിക്കയുമില്ല. മറ്റൊരു വേദഭാഗം റോമാ ലേഖനത്തിൽ നിന്നാണ്. ''ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിക്കുന്നതാർ ? കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ? മരണത്തിനോ, ജീവനോ, ദൂതന്മാർക്കോ, വാഴ്ച്ചകൾക്കോ അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിന്നോ വരുവാനുള്ളതിന്നോ, ഉയരത്തിനോ, ആഴത്തിനോ, മററു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറെച്ചിരിക്കുന്നു'' (റോമർ 8:35-39).

രക്ഷിക്കപ്പെട്ട ഒരാളുടെ രക്ഷ നഷ്ടപ്പെടുകയില്ല എന്നു ബൈബിൾ പഠിപ്പിക്കുന്നുണ്ടോ ? മുകളിൽ പറഞ്ഞ വാക്യങ്ങൾ ആ ഉപദേശത്തെയാണോ സ്ഥിരീകരിക്കുന്നത് ?

ഒരാൾ ക്രിസ്ത്യാനിയായി തീരുമ്പോൾ അയാൾ ദൈവ പൈതലായി മാറുന്നു എന്നതു വാസ്തവമാണ്. അതോടൊപ്പം അയാൾ കർത്താവിൻെറ സഭയിൽ അംഗമായി തീരുന്നു. ക്രിസ്തു മരിച്ച് രക്തം കൊടുത്തു സമ്പാദിച്ച സഭയിൽ അയാൾ എന്നും ആയിരിക്കയും ചെയ്യും. ഒരിക്കൽ യഥാർത്ഥമായി വീണ്ടും ജനിച്ചു കഴിഞ്ഞാൽ പിന്നെ ജനിക്കാത്തവനാകാൻ കഴിയുകയില്ല (യോഹന്നാൻ 3: 3-5).

എന്നാൽ ഭൗതികമായ കുടുംബങ്ങളിൽ മക്കളിൽ ആരെങ്കിലും മാതാപിതാക്കൾക്കു അവിഹിതമായി ജീവിക്കുകയാണെങ്കിൽ അങ്ങനെയുള്ള മക്കളെ വീട്ടിൽ നിന്നു പുറത്താക്കി കളയും. വീട്ടിലെ അവകാശങ്ങൾ അങ്ങനെ നഷ്ടമാകും. മാതാപിതാക്കൾ അതിനു നിർബ്ബന്ധിതരായി തീരുകയാണ്. അതുപോലെ ദൈവത്തിൻെറ ആത്മിയ ഭവനത്തിലും ദൈവത്തിനു അനിഷ്ടമായി പ്രവർത്തിക്കുന്നവരുടെ അവകാശം ദൈവം എടുത്തു കളയും.

അതിൻെറ അർത്ഥം തിരുവെഴുത്തു വൈപരീത്യമുളവാക്കുന്നു എന്നാണോ ? യോഹന്നാൻെറ സുവിശേഷത്തിലും റോമർക്കു എഴുതിയ ലേഖനത്തിലും അരുളിച്ചെയ്തതു തെററാണോ ? ഒരിക്കലുമില്ല. തിരുവെഴുത്തുകൾ എല്ലാം ദൈവശ്വാസീയവും സത്യവുമത്രേ. എന്നാൽ മനുഷ്യർ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ ഉള്ള വൈരുദ്ധ്യമാണ് ഇതിലുള്ളത്. ദൈവം ഓരോ സമയത്തും പറഞ്ഞിരിക്കുന്ന പ്രസ്താവനകളെ ആ സന്ദർഭവുമായി യോജിപ്പിച്ച് നാം ഗ്രഹിക്കണം. അല്ലെങ്കിൽ തെററായി ധരിക്കുകയോ അതല്ലെങ്കിൽ വിപരീതമെന്നു സംശയിക്കുകയോ ചെയ്യും.

യോഹന്നാൻ 10-ാം അദ്ധ്യായത്തിൽ യേശുക്രിസ്തു വാസ്തവത്തിൽ പറഞ്ഞതെന്താണ് ? തൻെറ ആടുകളിൽ ഒന്നുപോലും നഷ്ടപ്പെടുന്നതു അസാദ്ധ്യം എന്നല്ല യേ

ശു പറഞ്ഞത്. തന്റെ ആടിനെ അതിജീവിക്കത്തക്ക ശക്തി ഒരു വ്യക്തിക്കോ ആത്മാവിനോ ഇല്ല എന്നാണ് അവൻ സൂചിപ്പിക്കുന്നത്. തന്നിൽ അഭയം തേടിയ വ്യക്തികളുടെ സുരക്ഷിതത്വം കാത്തു സൂക്ഷിക്കുവാൻ കർത്താവിനു കഴിയും. യേശുവിന്റെ അധികാരവും ശക്തിയും പര്യാപ്തമത്രെ.

റോമർ 8-ാം അദ്ധ്യായത്തിലും അപ്പൊസ്തലൻ നല്കുന്ന ഉറപ്പ് അതു തന്നെയാണ്. ദൈവത്തിൽ നിന്നും നമ്മെ വേർപിരിക്കുവാൻ സൃഷ്ടികളിൽ ഒന്നിനു പോലും കഴിയുകയില്ല. യേശു തന്റെ പ്രാർത്ഥനയിൽ പറയുന്നതു: നീ എനിക്കു തന്നിട്ടുള്ളവരിൽ ആ നാശയോഗ്യനൊഴിച്ച് മററാരും നഷ്ടപ്പെട്ടു പോയിട്ടില്ല എന്നു പറയുന്നുണ്ട് (യോഹന്നാൻ 17:12). നമുക്കറിയാം യൂദാ അവനോടുകൂടെയുണ്ടായിരുന്നവനും രക്ഷിക്കപ്പെട്ടവനും ആയിരുന്നുവല്ലൊ. എന്നാൽ അവൻ നഷ്ടപ്പെട്ടുപോയി എന്നതു വ്യക്തം. എങ്ങനെ സംഭവിച്ചു ? അവന്റെ ഹൃദയത്തിൽ സാത്താനു സ്ഥാനം നല്കിയതുകൊണ്ട്. പത്രൊസും പരീക്ഷിക്കപ്പെട്ടു. എന്നാൽ പത്രൊസ് മാനസാന്തരപ്പെട്ടു. എന്നാൽ യൂദയോ പാപക്ഷമാപണം കിട്ടാത്ത വിധം ജീവനെതന്നെ നഷ്ടപ്പെടുത്തി. എങ്കിലും ഇതെല്ലാം വ്യക്തിപരമായ തിരഞ്ഞെടുപ്പായിരുന്നു. നമ്മെ ദൈവത്തിന്റെ കയ്യിൽ നിന്നു വേർപെടുത്തുവാൻ ഒരു ശക്തിക്കും കഴിയുകയില്ല എന്നതു സത്യമാണ്. എന്നാൽ നാം സ്വയമായി നാശം തിരഞ്ഞെടുത്താൽ, പിന്നെ ദൈവത്തിനു എന്തു ചെയ്വാൻ കഴിയും. മനുഷ്യന്റെ സ്വതന്ത്ര ചിന്താഗതിയിൽ ദൈവം ഒരിക്കലും ഇടപെടുകയില്ല. അങ്ങനെ ഇടപെട്ടാൽ, ദൈവ നീതിക്കു തന്നെ കളങ്കം സംഭവിക്കും. ഏദെൻ തോട്ടത്തിൽ ആദാമും ഹവ്വയും കല്പന ലംഘിച്ചപ്പോൾ അവർ നഷ്ടപ്പെട്ടവരായി തോട്ടത്തിൽ നിന്നു പുറത്താക്കപ്പെട്ടു.

ദൈവത്തെ ഉപേക്ഷിച്ചു വീണു പോകുവാൻ കഴിയു

കയില്ലെങ്കിൽ തിരുവെഴുത്തുകളിലേ മുന്നറിയിപ്പുകളും സൂക്ഷിക്കാൻ പറഞ്ഞിരിക്കുന്നതും വെറുതെയായി തീരുകയില്ലേ ? ദൈവത്തോടുള്ള വിശ്വസ്ഥത കാത്തു സൂക്ഷിക്കുന്നതിനെ പററി പറഞ്ഞിരിക്കുന്ന വേദഭാഗങ്ങൾ ധാരാളമുണ്ട്. തെററിപോകാതിരിക്കാനുള്ള മുന്നറിയിപ്പുകളുമുണ്ട്. ചിലതു നമുക്കു പരിശോധിക്കാം.

മരണപര്യന്തം വിശ്വസ്ഥരായിരുന്നാൽ ഞാൻ നിങ്ങൾക്കു ജീവകിരീടം നല്കാം (വെളിപ്പാട് 2:10). നീ നിൻെറ ആദ്യ സ്നേഹം വിട്ടുകളഞ്ഞിരിക്കുന്നു. നീ ഏതിൽ നിന്നു വീണു എന്നോർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവർത്തി ചെയ്യുക ഇല്ലെങ്കിൽ ഞാൻ വേഗത്തിൽ വന്നു നിൻെറ നിലവിളക്ക് അതിൻെറ സ്ഥാനത്തു നിന്നു നീക്കികളയും (വെളിപ്പാട് 2:4,5).

ക്രിസ്തുവിൻെറ ഉപദേശത്തിൽ നിലനില്ക്കാതെ അതിർ കടന്നു പോകുന്ന ഒരുത്തനും ദൈവം ഇല്ല. ഉപദേശത്തിൽ നിലനില്ക്കുന്നവനോ പിതാവും പുത്രനും ഉണ്ട് (2 യോഹന്നാൻ 9). ഇപ്പോൾ തന്നെ ചിലർ സാത്താൻെറ പിന്നാലെ പോയല്ലൊ (1 തിമൊഥെയോസ് 5:15).

ലോകാവസാനത്തിൽ സംഭവിക്കുന്നതെന്തെന്നു മുന്നറിയിക്കുന്നതു ശ്രദ്ധിക്കുക. "മനുഷ്യ പുത്രൻ തൻെറ ദൂതന്മാരെ അയക്കും; അവർ അവൻെറ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്നവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളകയും അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും (മത്തായി 13:41-42).

മനുഷ്യർക്കു എന്നും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ദൈവം നല്കിയിട്ടുണ്ട്. ഒന്നുകിൽ ദൈവത്തെ സ്നേഹിച്ച് അനുസരിക്കുക. അല്ലെങ്കിൽ അവനെ ഉപേക്ഷിക്കുക. ഇതാണ് മനുഷ്യർ ചെയ്യുന്നത്.

★

# സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ ?

**ബാബു ജോസഫ്**

ഇരുപത് നൂററാണ്ടുകളായി ലോകമാകുന്ന ചേററുകണ്ടത്തിൽ വിതയ്ക്കപ്പെട്ട്, ഗദ്സമനയിൽ വെച്ച് കൊയ്തെടുത്ത്, കൽത്തളം മുതൽ കാൽവറിവരെ മെതിക്കപ്പെട്ട് ദൈവക്രോധാഗ്നിയിൽ നിന്നു മോചിപ്പിക്കുവാൻ മൂന്നാം നാൾഉയിർത്തെഴുന്നേററ യേശുക്രിസ്തുവിൻെറ സുവിശേഷം ലോകമെങ്ങും അറിയിച്ചുകൊണ്ടിരിക്കുകയാണ്. ഭാരതത്തിൽ എ. ഡി. 52-ൽ സുവിശേഷമെത്തിയെന്നു പൈതൃകം പറയുന്നു. ഇതു സത്യമെങ്കിൽ സുവിശേഷത്തിൻെറ ആഗമനകാലപ്പഴക്കത്തിൽ അഭിമാനം തോന്നുമെങ്കിലും യേശു ആര് ? എന്നു ചോദിക്കുന്ന ഇൻഡ്യയിലെ ലക്ഷക്കണക്കിനു ഗ്രാമങ്ങളും കോടിക്കണക്കിനു ജനങ്ങളും ദൈവസഭകളെ സംബന്ധിച്ചിടത്തോളം അപമാനകരം തന്നെയാണ്. കണക്കുകൾ കൊണ്ടുള്ള കസർത്തുകളാണെവിടെയും. യാഥാർത്ഥ്യങ്ങളുടെ മുഖം ഭീകരമാണ്. ഇവിടെ എന്താണു സംഭവിക്കുന്നത് ?

ഇവിടെ ആത്മീയപ്രസ്ഥാനങ്ങളുടെ പേരിൽ ചേരിതിരിവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ആത്മാക്കളെ നേടുവാനുള്ള താലന്ത് രക്ഷിക്കപ്പെട്ട ദൈവജനത്തിനുള്ളതാണെന്നും, രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്കു മാത്രമേ മററൊരാളെ രക്ഷയിലേയ്ക്ക് നയിക്കാനാകയുള്ളു എന്നും വിശ്വാസികൾ വിസ്മരിച്ചിരിക്കുന്നു. താലന്ത് കുഴിച്ചിട്ടവനെ 'ദുഷ്ടനും മടിയനുമായവനെ' എന്നുവിളിച്ച് കർത്താവു കണക്കു തീർക്കുന്ന നാളിൽ ഈ 'സുവിശേഷം തന്നെയാണ് ശിക്ഷാവിധിക്കു മാനദണ്ഡമെന്നു മറക്കരുത്.

ദൂതൻമാരെപ്പോലും സുവിശേഷം അറിയിക്കുന്നതിനു ദൈവം നിയോഗിച്ചിട്ടില്ല എന്നറിയുമ്പോൾ ഇതിനായി

വിളിക്കപ്പെട്ടവരുടെ ഭാഗ്യം അവർണ്ണനീയം തന്നെ. ഇതു ശ്രദ്ധിച്ചാലും. 'രാത്രിയിലോ കർത്താവിൻെറ ദൂതൻ കാരാഗൃഹ വാതിൽ തുറന്നു അവരെ പുറത്തു കൊണ്ടുവന്നു. നിങ്ങൾ ദൈവാലയത്തിൽ ചെന്ന് ഈ ജീവൻെറ വചനം എല്ലാ ജനത്തോടും പ്രസ്താവിപ്പിൻ എന്നു പറഞ്ഞു' (പ്രവൃത്തി 5:19,20).

പ്രിയരേ, പത്രൊസിനെ കാരാഗൃഹത്തിൽ നിന്നു പുറത്തുകൊണ്ടു വരുവാൻ ദൂതന്മാർക്കു കഴിയും. എന്നാൽ സുവിശേഷം പറയേണ്ടതിനു പത്രൊസ് തന്നെ പോകണം. 'പിന്നെ അവർ ദിനംപ്രതി ദൈവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും യേശുവിനെ ക്രിസ്തു എന്ന് സുവിശേഷിക്കയും ചെയ്തുകൊണ്ടിരുന്നു' (പ്രവൃത്തി 5:42). പത്രൊസും മററ് അപ്പൊസ്തലന്മാരും ദിവസംതോറും വീടുകൾ കയറി ഇറങ്ങി സുവിശേഷം അറിയിച്ചതായി ഈ വാക്യം പറയുന്നു. അപ്പൊസ്തലനായ പൌലോസ് പറയുന്നു, ''സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ ! കഷ്ടം'' എന്ന്. തൻെറ ജീവചരിത്രം പഠിച്ചാൽ മുഴുസമയ വേലക്കാരനായിരുന്നെന്നും മറെറന്തിനേക്കാളും പ്രാധാന്യം സുവിശേഷവേലയ്ക്കു നൽകിയിരുന്നു എന്നും കാണാം. നമ്മുടെ കർത്താവും അവസാനമായി കൽപിച്ചത് ''ഞാൻ നിങ്ങളോട് കൽപിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കികൊൾവിൻ'' എന്നാണല്ലൊ (മത്തായി 28:20).

സുവിശേഷവൽക്കരണത്തിൻെറ ഇന്നത്തെ സ്ഥിതി എന്താണ് ? സുവിശേഷത്തിൻെറ പേരിൽ പിരിച്ചെടുക്കുന്ന പണം പ്രസ്ഥാനങ്ങൾക്കും, കെട്ടിടങ്ങൾക്കും പുതിയ പുതിയ പ്രൊജക്ററുകൾക്കുമായി ചിലവഴിക്കുന്നു. സുവിശേഷപ്രവർത്തനങ്ങളെക്കാൾ മുൻഗണന ഈ വിധ പ്രവർത്തനങ്ങൾക്കു നല്കിയിരിക്കുന്നു. അപ്പൊസ്തലന്മാരുടെ അനുഗാമികളെന്നു അവകാശം പറയുന്നവർ 'വീടു

തോറും കയറിയിറങ്ങി സുവിശേഷം പറഞ്ഞ് അപ്പൊസ്തലന്മാരുടെ മാതൃകയാണു ഞങ്ങളുടേത് എന്നു പറയുമ്പോൾ അത്ഭുതം തോന്നുന്നു.

'സുവിശേഷം അറിയിക്കുന്നില്ലെങ്കിൽ അയ്യോ കഷ്ടം! എന്നത് സുവിശേഷം അറിയിച്ചാൽ അയ്യോ കഷ്ടം എന്നാക്കിയിരിക്കുന്നു ഇന്നുള്ളവർ.

ആദ്യ നൂററാണ്ടുകളിൽ ചിതറിപ്പോയവർ സുവിശേഷം അറിയിച്ചതിനാൽ വിശ്വസിച്ചവരുടെ എണ്ണം അയ്യായിരമായി, ഏഴായിരമായി, വലിയൊരു കൂട്ടമായി. ഇന്നോ? ചെറിയ ചെറിയ കൂട്ടങ്ങളുടെ കണക്കുകൾ നിരത്തി 'വലിയ പ്രസ്ഥാനം' എന്ന തലയെടുപ്പിനു വേണ്ടി ഭഗീരഥ പ്രയത്നം ചെയ്യുന്നു. കർത്താവിന്റെ വരവിനുമുൻപ് സുവിശേഷം എല്ലായിടത്തും പ്രസംഗിക്കപ്പെടേണ്ടതാണ്. സുവിശേഷകന്റെ പ്രവൃത്തി ചെയ്യാത്ത സുവിശേഷ വേലക്കാർ, സഭകൾ, പ്രസ്ഥാനങ്ങൾ.... "ആമേൻ കർത്താവേ നീ വേഗം വരേണമേ" എന്നു പ്രാർത്ഥിക്കുന്ന അധര വ്യായാമം നിർത്തേണ്ടിയിരിക്കുന്നു. നാം ഓരോരുത്തരും സ്വയം വിമർശിക്കുക; വിലയിരുത്തുക.

വിശ്വാസം എവിടെ? സുവിശേഷം എവിടെ?
ആത്മാക്കൾ എവിടെ
ഉണരുക! എഴുന്നേല്ക്കുക!! പ്രവർത്തിക്കുക!!!

*

**തിരുത്ത്**

സെപ്ററംബർ ലക്കത്തിൽ 18-ാം പേജിൽ പത്താമത്തെ വരിയിൽ അനീതി എന്നതു തിരുത്തി നീതി എന്നാക്കി വായിക്കണം എന്നു അഭ്യർത്ഥിക്കുന്നു. തെററു പററിയതിൽ നിർവ്യാജം ഖേദിക്കുന്നു.

എഡിററർ

# "പുതിയ" കൃപയോ ?

## ജോൺ ജിപ്സൺ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

കർത്താവിൻെറ കൃപ ദർശിച്ചവനായിരുന്നു നോഹ എന്നു തിരുവെഴുത്തു വെളിപ്പെടുത്തുന്നു. ലോകത്തെ നശിപ്പിക്കുവാനിരുന്ന പ്രളയത്തെ കുറിച്ചു ദൈവം നോഹയെ മുന്നറിയിച്ചതു ദൈവത്തിൻെറ കൃപ നിമിത്തം ആയിരുന്നു. ദൈവം അവനോടു ഒരു പെട്ടകം ഉണ്ടാക്കുവാൻ പറഞ്ഞു. പിന്നീട് അതിൽ പ്രവേശിപ്പാൻ ആവശ്യപ്പെട്ടു. രക്ഷപ്പെടുവാനുള്ള മാർഗ്ഗമായിരുന്നു അവനു ലഭിച്ചത്. അവൻ ദൈവത്തെ വിശ്വസിച്ചു; അവൻെറ നിർദ്ദേശങ്ങൾ അനുസരിച്ചു. ദൈവം നോഹയോടു കല്പിച്ചതൊക്കെയും അവൻ അങ്ങനെ തന്നെ ചെയ്തു (ഉല്പത്തി 6:22). വിശ്വാസത്താലുള്ള അനുസരണമെന്ന ദൈവ കൃപയാൽ നോഹ ജലപ്രളയത്തിൽ നിന്നു രക്ഷപ്പെട്ടു. ഇവിടെ കൃപ അവനു അനുഗ്രഹമായി തീർന്നു. വിശ്വാസത്താൽ അവൻ അതു സ്വീകരിച്ചു. അനുസരണത്താൽ അവനു അതു ലഭിച്ചു. വിശ്വാസത്താൽ നോഹ ഇതുവരെ കാണാത്തവയെ കുറിച്ചു അരുളപ്പാടുണ്ടായിട്ടു ഭയഭക്തി പൂണ്ടു തൻെറ കുടുംബത്തിൻെറ രക്ഷക്കായിട്ടു ഒരു പെട്ടകം തീർത്തു; അതിനാൽ അവൻ ലോകത്തെ കുററം വിധിച്ചു വിശ്വാസത്താലുള്ള നീതിക്കു അവകാശിയായി തീർന്നു (എബ്രായർ 11:7). അന്നു നോഹയെയും കുടുംബത്തെയും ദൈവം രക്ഷിച്ചതു അവരുടെ പുണ്യ പ്രവർത്തികളോ യോഗ്യതയോ കണക്കാക്കിയല്ല. പിന്നെയോ അവർ ദൈവ കൃപയെ സസന്തോഷം സ്വീകരിക്കാൻ മനസുവെച്ചു എന്നതാണ് കാരണം.

ദൈവ കൃപയുടെ പേരിൽ ദൈവ കല്പനയെ അവഗണിക്കുന്നവരുണ്ട്. പക്ഷെ അതു ദൈവം അംഗീകരിക്ക

യില്ല. അവർ അങ്ങനെ ചെയ്യുന്നതു ദൈവ കൃപയെ തെററിദ്ധരിച്ചിരിക്കുന്നതുകൊണ്ടാണ്. പ്രവൃത്തികളാൽ നേടിയെടുക്കാവുന്ന ഒന്നല്ല ദൈവ രക്ഷ എന്നതു വാസ്തവമാണ്. പക്ഷെ അതിന്റെ അർത്ഥം പ്രവർത്തികൾ വേണ്ട എന്നതല്ല. ദൈവ കല്പനയെ തള്ളി കളയുന്നവർ ദൈവ കൃപയെ വ്യർത്ഥമാക്കുകയാണ് ചെയ്യുന്നതു. സ്നാനം ഒരു പ്രവർത്തിയാണെന്നും അതുകൊണ്ടു അതു രക്ഷക്കു ആവശ്യമില്ലെന്നും വാദിക്കുന്നവർ ഉണ്ട്. അവർക്കു തിരുവെഴുത്തുകളെ കുറിച്ചു ജ്ഞാനമില്ലാത്തതുകൊണ്ടാണ് അങ്ങനെ പറയുന്നതു. ദൈവ നീതിയെ അനുസരണത്താൽ സ്വീകരിക്കാൻ എല്ലാവർക്കും കഴിയണം. ഇന്നു ഇതുപോലെയുള്ള ധാരാളം തെററായ ഉപദേശങ്ങളും ആചാരങ്ങളും നിലവിലുണ്ട്. ദൈവത്തിൽ നിന്നു മനുഷ്യരെ അകററി നിർത്താൻ മാത്രമെ അതുപകരിക്കയുള്ളു. ആത്മാർത്ഥതയുള്ളവർ സത്യസന്ധമായി വചനം പരിശോധിച്ച് സത്യത്തെ സൗമ്യതയോടെ കൈക്കൊള്ളും. വിവേചനാപൂർവ്വം കാര്യങ്ങളെ തിരിച്ചറിയണം.

സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കുവാനുള്ള കല്പന കർത്താവു നല്കിയതു തന്നെ ദൈവത്തിന്റെ മഹത്തായ കൃപയാണ്. ഇല്ലായിരുന്നുവെങ്കിൽ മനുഷ്യരുടെ അവസ്ഥ എന്താകുമായിരുന്നു എന്നു ചിന്തിച്ചു നോക്കുക. ദൈവ കൃപയുടെ മനോഹരമായ ഒരു ഉദാഹരണം നമുക്കു ശമര്യയിൽ ദർശിക്കാം. ഫിലിപ്പൊസ് എന്ന സുവിശേഷകൻ ആ പട്ടണത്തിൽ ചെന്നു ക്രിസ്തുവിനെ പ്രസംഗിച്ചു. ലോകത്തിൽ സകല സൃഷ്ടികളോടും പ്രസംഗിച്ച സുവിശേഷമാണ് അവിടെയും എത്തിയത് (പ്രവൃത്തി 8:5). അവനിൽ നിന്നു ദൈവ സന്ദേശം ലഭിച്ച ആളുകൾ അതു കേട്ടു വിശ്വസിച്ചു. ദൈവ രാജ്യത്തെ കുറിച്ചുള്ള സുവിശേഷം ആയിരുന്നു ഫിലിപ്പൊസ് അവരോടു അറിയിച്ചതു. അവന്റെ വാക്കു കൈക്കൊണ്ട സ്ത്രീകളും പുരുഷന്മാരും സ്നാനം ഏററു (പ്രവൃത്തി 8:12).

ദൈവത്തിന്റെ കൃപ ഈ പട്ടണത്തിലും എത്തി. സുവിശേഷം എന്ന ദൈവത്തിന്റെ അരുളപ്പാടുകൾ ആളുകൾ വിശ്വസിച്ചു. വിശ്വസിക്ക മാത്രമല്ല, അവർ അപ്രകാരം അനുസരിക്കുകയും ചെയ്തു. അവർ ദൈവത്തിന്റെ കൃപയെ തള്ളി കളഞ്ഞില്ല.

വേദപുസ്തകത്തിൽ ദൈവ കൃപയെ അനേക സന്ദർഭങ്ങളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. അപ്പൊസ്തലനായ പൌലൊസ് കൃപയെ ഊന്നി സംസാരിച്ചിട്ടുണ്ട്. പക്ഷെ അനുസരണത്തെ മാററി നിർത്തിയിട്ടില്ല. നിത്യനായ ദൈവത്തിന്റെ ആലോചന ഒട്ടും മറെച്ചുവെക്കാതെ സർവ്വവും അവൻ പ്രഖ്യാപിച്ചു (പ്രവൃത്തി 20:26). വിശ്വാസം ആളുകളിൽ അനുസരണമായി ഭവിക്കേണ്ടതിനായിരുന്നു അത് (റോമർ 16:26).

## മാനസാന്തരം

### കെയിത്ത് കസർജിയാൻ

സകല മനുഷ്യരിൽ നിന്നും ആവശ്യപ്പെടുന്ന ഒരു ദൈവിക കല്പനയാണ് മാനസാന്തരം. മാനസാന്തരപ്പെടാത്തവർ അങ്ങനെ തന്നെ നശിച്ചുപോകും എന്നു കർത്താവു മുന്നറിയിച്ചിട്ടുണ്ട് (ലൂക്കൊസ് 13:3). അഥേനയിലുള്ളവരോടു മാനസാന്തരത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നുണ്ട് (പ്രവൃത്തി 17:30). അറിവില്ലാതെ ചെയ്ത തെററുകൾ ക്ഷമിച്ചിരുന്ന ഒരു കാലം പണ്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതിനു പ്രസക്തിയില്ല. മാനസാന്തരം, മാനസാന്തരപ്പെടുക എന്നീ പദങ്ങൾ പുതിയ നിയമത്തിൽ 47

(ശേഷം 19-ാം പേജിൽ)

# ദ്രവ്യാന്തരീകരണം

മെൽ ഫ്യൂട്രേൽ

വലിയൊരു വാക്കാണ് മറ്റു വസ്തുവായി മാറൽ എന്നതു. അതു ബൈബിൾ ഉപദേശമേയല്ല എന്നു ആദ്യം തന്നെ പറഞ്ഞുകൊള്ളട്ടെ. പതിമൂന്നാം നൂററാണ്ടിൽ കത്തോലിക്കാ സഭയിലെ പോപ് ആയിരുന്ന ഇന്നസെൻറ് മൂന്നാമനാണ് ദ്രവ്യാന്തരീകരണം എന്ന ഉപദേശം ആദ്യമായി പ്രഖ്യാപിച്ചത്., ഇതിൽ അടങ്ങുന്ന തെററായ ഉപദേശം എന്തെന്നാൽ ഈ അപ്പവും വീഞ്ഞും കഴിക്കുമ്പോൾ അതിനു രൂപാന്തരം സംഭവിച്ചു യേശുവിൻെറ ശരീരവും രക്തവും ആയി മാറുന്നു എന്നതാണ്. സംഭവിക്കാത്ത ഒന്നു സംഭവിക്കുന്നു എന്നു ആളുകളെ തെററായി ധരിപ്പിക്കയാണ് അവർ ചെയ്യുന്നത്. അതുകൊണ്ടാണ് അതൊരു ദുരുപദേശമായി തീരാൻ കാരണം.

ഇതിനെ സംബന്ധിച്ച് കത്തോലിക്കാ സഭയുടെ പ്രസിദ്ധീകരണം നല്കുന്ന വിശദീകരണം വളരെ വിചിത്രമാണ്. "അതു കഴിക്കുന്ന സമയത്തു ക്രിസ്തുവിൻെറ സാന്നിദ്ധ്യം അപ്പത്തിലും വീഞ്ഞിലും ഉണ്ടാകുന്നതുകൊണ്ടു വിശ്വാസത്തിൻെറ മർമ്മത്താൽ അതിനെ ഞങ്ങൾ വിശുദ്ധ കുർബ്ബാന എന്നു വിളിക്കുന്നു". ഇതാണ് അവരുടെ വിശദീകരണം. സഭയുടെ വിശ്വാസ പ്രകാരമാണ് ഇങ്ങനെയുള്ള ദ്രവ്യാന്തരീകരണത്തിൽ അവർ വിശ്വസിക്കുന്നത് പുരോഹിതന്മാർ അങ്ങനെ പ്രചരിപ്പിക്കയും പഠിപ്പിക്കയും ചെയ്യുന്നു. ആളുകൾ അതു വാസ്തവമായിരിക്കും എന്നു കരുതുന്നു. യാഥാർത്ഥ്യത്തെ അവർ മറെച്ചു പിടിക്കുകയാണ്. യേശുക്രിസ്തുവിൻെറ ശാരീരിക സാമീപ്യം ഉണ്ടാകുന്നില്ല എന്നതാണ് വാസ്തവം.

അതു നിങ്ങൾക്കു അവിശ്വസനീയമായി തോന്നുന്നു

വെങ്കിൽ സത്യത്തെ സ്നേഹിച്ച് അനുസരിക്കുക. വി ശ്വാസത്തിന്റെ മർമ്മമായി പ്രതിപാദിക്കുന്ന ദ്രവ്യാന്തരീ കരണം എന്നതു വിശ്വസിക്കണമെങ്കിൽ ആ അപ്പവും മു ന്തിരി വള്ളിയുടെ അനുഭവവും ക്രിസ്തുവിന്റെ ശരീര വും രക്തവുമായി മാറണം. അങ്ങനെ മാറണമെങ്കിൽ അ ത്ഭുതം സംഭവിക്കണം. അമാനുഷികമായതാണല്ലോ അ ത്ഭുതം. കർത്തൃമേശയിൽ പങ്കെടുക്കുന്നവർക്ക് അതിൽ അത്ഭുതം നടക്കുന്നില്ല എന്നറിയാൻ ശലോമോന്റെ ജ്ഞാ നം ആവശ്യമില്ല. സാമാന്യ ബുദ്ധിയുള്ളവർക്കു തിരി ച്ചറിയാവുന്നതേയുള്ളു. ഇന്നു അത്ഭുതമൊന്നും സംഭ വിക്കുന്നില്ല; അതിന്റെ ആവശ്യമില്ല എന്നതാണ് കാരണം. ദൈവശ്വാസീയമായ വചനം ഉറപ്പിക്കുവാൻ അത്ഭുതങ്ങ ളും അടയാളങ്ങളും ഒരിക്കൽ ആവശ്യമായിരുന്നു. എന്നാ ൽ ആ വചനം പൂർണ്ണമായി എഴുതി തീർന്നപ്പോൾ പിന്നെ അതിന്റെ ആവശ്യമില്ല ( 1 കൊരിന്ത്യർ 13:8_12).

കർത്തൃമേശ വാഴ്ത്തി കഴിഞ്ഞാൽ അതിനു മാററമു ണ്ടാകുമെന്നാണ് അവരുടെ വിശ്വാസം. എന്നാൽ പ്രാർ ത്ഥനക്കു ശേഷവും അപ്പവും വീഞ്ഞും, അതുപോലെ ത ന്നെയിരിക്കും, രുചി വ്യത്യാസമോ നിറവ്യത്യാസമോ, ഗു ണ വ്യത്യാസമോ അനുഭവപ്പെടുകയില്ല. അവ താഴെ വീ ണാലും ഉണ്ടാകുന്ന ശബ്ദത്തിനും വ്യത്യാസം ഉണ്ടാകുന്നി ല്ല. ഇതു പറയുമ്പോൾ അവരെ വിമർശിക്കുന്നുവെന്നോ, വിധിക്കുന്നുവെന്നോ അർത്ഥമാക്കരുത്. തെററു മനസി ലാക്കി തിരുത്തുവാനുള്ള ആഹ്വാനം മാത്രമാണ്. അതു കൊണ്ടു വൈകാരികമായി ഇതിനെ കാണാതെ സത്യസന്ധ മായ വിലയിരുത്തൽ നടത്തുക. അന്ധ വിശ്വാസമല്ല നമുക്ക് ആവശ്യം, വചനത്തിൽ അടിസ്ഥാനപ്പെടുത്തിയ വിശ്വാസമാണ് ദൈവം അംഗീകരിക്കുന്നത്.

യേശു, തന്റെ ശിഷ്യന്മാർക്കു കർത്തൃമേശ സ്ഥാപി ച്ചു കൊടുക്കുന്നതിനെ പററി മത്തായിയുടെ വിവരണം ന

മുക്കു പരിശോധിക്കാം. "അവർ ഭക്ഷിക്കുമ്പോൾ യേശു അപ്പം എടുത്തു വാഴ്ത്തി നുറുക്കി ശിഷ്യന്മാർക്കു കൊടുത്തു; വാങ്ങി ഭക്ഷിപ്പിൻ; ഇതു എന്റെ ശരീരം എന്നു പറഞ്ഞു. പിന്നെ പാനപാത്രം എടുത്തു സ്തോത്രം ചൊല്ലി അവർക്കു കൊടുത്തു; എല്ലാവരും ഇതിൽ നിന്നു കുടിപ്പിൻ. ഇതു അനേകർക്കു വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം; യേശു അപ്പം എടുത്തു വാഴ്ത്തി തന്റെ കയ്യിൽ വെച്ചു കൊണ്ടിരുന്നപ്പോൾ അതിനു മാററം സംഭവിച്ചില്ല. ഇത് എന്റെ ശരീരം എന്നു പറഞ്ഞുകൊണ്ടാണ് നല്കിയത്. അവന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നതാണ് അപ്പം അവന്റെ രക്തത്തെ പ്രതിനിധാനം ചെയ്യുന്നതാണ് വീഞ്ഞ്. ശിഷ്യന്മാർ അന്നു ഭക്ഷിച്ചതായ അപ്പം അക്ഷരികമായ യേശുവിന്റെ ശരീരമായിരുന്നില്ല. അക്ഷരികമായി അവർ കുടിച്ചതു, രക്തവുമായിരുന്നില്ല. ഇതാണ് വാസ്തവം.

ഇതു മനസിലാക്കുവാൻ യേശുവിന്റെ പ്രസംഗം നോക്കിയാൽ മതിയാകും. "ഞാൻ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വന്ന അപ്പം ആകുന്നു. എന്റെ മാംസം തിന്നാതെയും എന്റെ രക്തം കുടിക്കാതെയും ഇരിക്കുന്നവനു ജീവനില്ല". അതിന്റെ ആത്മീയ അർത്ഥം മനസിലാക്കാൻ അന്നത്തെ യെഹൂദന്മാർക്കു കഴിഞ്ഞില്ല. യേശുവിന്റെ വചനം സ്വീകരിക്കുന്നതിനെ പററിയാണ് അവിടെ പരാമർശിച്ചത്. ഏതൊരു ഉപദേശമായാലും ദൈവശ്വാസിയമായ വചനവുമായി നാം ഒത്തു നോക്കണം. അതോടൊപ്പം അതിനെ അക്ഷരികമായിട്ടാണോ ആത്മീകമായിട്ടാണോ വിവക്ഷിച്ചിരിക്കുന്നതെന്നു വേർതിരിച്ചു മനസിലാക്കണം. സ

ന്ദർഭം മുഴുവൻ വായിച്ച് ഗ്രഹിക്കുകയാണ് ഇതിനാവശ്യം അതുകൊണ്ട് ദ്രവ്യാന്തരീകരണം എന്നൊന്നു കർത്തൃമേശയിൽ സംഭവിക്കുന്നില്ല. ദൈവം അങ്ങനെ മാറുവാൻ ആഗ്രഹിക്കുന്നുമില്ല. അതു എങ്ങനെ കൈകാര്യം ചെയ്യണമെന്നു നിർദ്ദേശിച്ചിട്ടുമുണ്ട് (1 കൊരിന്ത്യർ 11:23-27).

കർത്തൃമേശ ഒരു ഓർമ്മ പുതുക്കലാണ്. യേശു പറഞ്ഞതു ''എന്റെ ഓർമ്മക്കായി ഇതു ചെയ്‌വിൻ എന്നത്രെ. അതൊരു കൂട്ടായ്മയുടെ പാത്രമാണ് (1 കൊരിന്ത്യർ 10:16). ഈ മേശയിൽ പങ്കുകാരാകുന്ന ഓരോരുത്തരും ശോധന ചെയ്തു കഴിക്കേണ്ടതാണ് രണ്ടു മൂലകങ്ങളും. ഭയഭക്തിയോടെ കർത്താവു മനുഷ്യരുടെ പാപങ്ങൾക്കായി മരിച്ചു അടക്കപ്പെട്ടു, ഉയിർത്തെഴുന്നേററു. ഈ യാഗത്തെ അനുസ്മരിക്കയാണ് നാം ചെയ്യേണ്ടത്. ആ യാഗം നമ്മെ കുററ വിമുക്തമാക്കുവാൻ പര്യാപ്തമായി എന്നതാണ് അതിനുള്ള പ്രത്യേകത. നമ്മുടെ ശാരീരിക ജീവിതത്തിൽ വന്നുപോയ അപരാധങ്ങൾക്കു ക്ഷമാപണം ഏററു വാങ്ങി അനുഭവിക്കേണ്ടതാണ് ഈ മേശ.

പ്രിയ സ്നേഹിതരേ, നാം ദൈവ ജ്ഞാനത്താൽ ദൈവിക കാര്യങ്ങൾ ഗ്രഹിക്കുക. ദൈവത്തെ പ്രസാദിപ്പിക്കുവാൻ സത്യത്തെ മുറുകെ പിടിക്കുക. ദൈവത്തിന്റെ കൃപാസനത്തോടു അടുക്കുന്നവർക്കു അവൻ കരുണാമയനായ കർത്താവണ്. നമ്മുടെ വിശ്വാസവും അനുസരണവും ദൈവ വചന പ്രകാരമല്ലെങ്കിൽ അതു വ്യർത്ഥമാണെന്നു അറിയുക. ദൈവത്തിന്റെ അരുളപ്പാടുകളെ ശരിയായി മനസ്സിലാക്കുക. ഒരിക്കലും നാം തെററിദ്ധരിക്കാൻ ഇടയാകരുത്. വചനം പരിശോധിച്ച് സത്യത്തെ മാത്രം പിൻപററുക.

★

(14-ാം പേജിന്റെ തുടർച്ച)

പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അതു തന്നെ അതിന്റെ ആവശ്യകതയും ഉദ്ദേശവും വ്യക്തമാക്കുന്നു. ഏതൊരു വ്യക്തിയുടെയും രക്ഷയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണ് മാനസാന്തരം. ദൈവ ഭക്തനായി ജീവിക്കുവാൻ ശ്രമിക്കുന്ന ഒരാൾക്ക് ഇതു കൂടിയേ തീരൂ. എന്നാൽ എന്താണീ മാനസാന്തരം ? സഹോദര വർഗ്ഗത്തിനിടയിൽ തന്നെ മാനസാന്തരത്തിന്റെ യഥാർത്ഥ അർത്ഥത്തെ കുറിച്ച് പല ചോദ്യങ്ങളും ഉയരാറുണ്ട്. അവയിൽ ചില ചോദ്യങ്ങൾക്കു ഈ ലേഖനത്തിൽ ഉത്തരം കണ്ടെത്താം. നാം ദൈവത്തിന്റെ ഉദ്ദേശത്തെ ശ്രദ്ധയോടെ മനസിലാക്കേണ്ടിയിരിക്കുന്നു.

മാനസാന്തരം എന്ന വാക്ക് എഴുതപ്പെട്ട മൂലഭാഷ പരിശോധിച്ചാൽ ''മെററാനോസിയോ'' എന്നാണ് നാം വായിക്കുന്നത്. പുതിയ നിയമം എഴുതപ്പെട്ട മൂല ഭാഷ ഗ്രീക്കായിരുന്നുവല്ലൊ. ഈ വാക്ക് എപ്പോഴെല്ലാം ഉപയോഗിച്ചിട്ടുണ്ടോ അപ്പോഴെല്ലാം ഒരു മാററത്തെയാണ് സൂചിപ്പിക്കുന്നത്. നമ്മക്കു വേണ്ടിയുള്ള ഒരു മാററമാണ് ഇതിൽ അടങ്ങിയിരിക്കുന്നത്. നമ്മക്കു വേണ്ടിയുള്ള ഒരാളുടെ മനസിന്റെ അന്തരം എന്നു നിർവ്വചിക്കാം. പഴയ പാപസ്വഭാവത്തിൽ നിന്നു അതിനെ വെറുത്തുകൊണ്ടു ആവശ്യമായ ഭേദഗതി വരുത്തുവാൻ ഹൃദയ പൂർവ്വം തയ്യാറാകുക എന്നതാണ് മാനസാന്തരം. ഈ വിഷയത്തെ പരക്കെ അറിയപ്പെടുന്ന ഒന്നാണ്. എന്നാൽ അതിൽ ഉൾപ്പെടുന്ന കാര്യങ്ങളെ അധികമാരും എടുക്കാറില്ല എന്നു തോന്നുന്നു. അതുകൊണ്ട് നമുക്കു അതിൽ അന്തർലീനമായി കിടക്കുന്ന കാര്യങ്ങളിലേക്കു തിരിയാം. ബൈബിളിനെയും ഈ ഗ്രീക്കു പദ നിർവ്വചനങ്ങളെയും അടിസ്ഥാനപ്പെടുത്തി നമ്മുടെ സാമാന്യ ബുദ്ധി ഉപയോഗിച്ച് മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്നവയെ മനസിലാക്കാം.

**അനുതാപം** ആവശ്യമാണ്. ഒരാളുടെ പാപത്തെ കുറിച്ച് ഓർത്തുള്ള ദുഃഖമാണ് ഉണ്ടാകേണ്ടത്. പാപത്തെ തിരിച്ചറിഞ്ഞതുകൊണ്ടുള്ള ദുഃഖം അവൻെറ സുബോധത്തെ ഉണർത്തും. മുടിയനായ പുത്രൻ തൻെറ പാപത്തെ മനസിലാക്കിയപ്പോൾ അവൻ തിരിച്ചറിഞ്ഞ സത്യം നോക്കുക. അവൻ പറഞ്ഞതു: 'ഞാൻ സ്വർഗ്ഗത്തോടും എൻെറ അപ്പനോടും പാപം ചെയ്തുപോയി' എന്നാണ്. പെന്തെക്കൊസ്തു നാളിൽ പത്രൊസിൻെറ പ്രസംഗം കേട്ടുകൊണ്ടിരുന്നവരുടെ ഹൃദയത്തിൽ കുത്തുകൊണ്ടു. അവരുടെ പാപം അവർ തിരിച്ചറിഞ്ഞു. അവരോടു പത്രൊസ് മാനസാന്തരപ്പെടുവാനും പാപ മോചനത്തിനായി യേശുക്രിസ്തുവിൻെറ നാമത്തിൽ സ്നാനമേൽക്കുവാനും ആവശ്യപ്പെട്ടു. അവർ അതു ചെയ്തു (പ്രവൃത്തി 2:38-47). സത്യസന്ധതയുള്ള ഹൃദയങ്ങളിൽ പാപത്തെ ബോധ്യമാകുമ്പോൾ അനുതാപം ഉണ്ടാകും. തന്നെ സ്നേഹിക്കുന്ന നല്ലവനായ പിതാവിനോടു പാപം ചെയ്തു എന്നു മനസിലാക്കുമ്പോൾ വിഷമം ഉണ്ടായി അതിൽ നിന്നു വിട്ടു നില്ക്കുവാൻ തയ്യാറാകും.

**മാററം** ആവശ്യമാണ്. വെറും ദുഃഖം ഒരാളെ മാനസാന്തരത്തിലേക്കു നയിക്കുകയില്ല. യേശുവിൻെറ ശിഷ്യനായിരുന്ന യൂദാ, യേശുവിനെ ഒററിക്കൊടുത്തു. അവൻ പാപം ചെയ്തു എന്നു അവൻ തിരിച്ചറിഞ്ഞു. പക്ഷെ അവൻ എന്താണ് ചെയ്തതു ? ദുഃഖ ഭാരത്താൽ തന്നെത്താൻ കെട്ടിത്തൂങ്ങിച്ചത്തു (മത്തായി 27:3). അവൻ മാനസാന്തരപ്പെട്ടിരുന്നെങ്കിൽ അവൻെറ ജീവൻ കളയുമായിരുന്നില്ല. ഒരാളുടെ ഹൃദയത്തിലും, മനസിലും ഉണ്ടാകുന്ന മാററം ജീവിതശൈലിയിൽ പ്രകടമാകും. മാനസാന്തരം യഥാർത്ഥമാണെങ്കിൽ ഒരു മാററം തീർച്ചയായും ഉണ്ടായിരിക്കും. മാനസാന്തരത്തിൻെറ ലക്ഷണമാണ് മാററം. മദ്യപാനി, മദ്യത്തെ ഉപേക്ഷിക്കുന്നു. കൊലപാതകി, കൊല ചെയ്യുന്നതു മാററുന്നു. മോഷ്ടിക്കുന്നവർ, മോഷണം ഉപേ

ക്ഷിക്കുന്നു. വ്യഭിചാരി, വ്യഭിചാരത്തെ മാററുന്നു. വഞ്ചിക്കുന്നവർ, വഞ്ചന ഉപേക്ഷിക്കുന്നു. മാനസാന്തരം എപ്പോഴും മാററത്തെ ആവശ്യപ്പെടുന്നു. ചിലർക്കു അതു പ്രയാസമാണ്. അതു എളുപ്പമാണെന്നു ദൈവം പറഞ്ഞിട്ടില്ല. പക്ഷെ ഇതു അത്യാവശ്യമാണ്.

**പ്രായശ്ചിത്തം** ആവശ്യമാണ്. മാനസാന്തരത്തിന്റെ മറെറാരു ഭാഗമിതാണ്. മുൻപുണ്ടായിരുന്ന അവസ്ഥയിലേക്കു തിരിഞ്ഞു വരിക എന്നതാണ് ഇതിൽ നടക്കുന്നത്. ഇതും പ്രയാസമുള്ളതു തന്നെ. നമ്മക്കു വേണ്ടി നശിപ്പിക്കുന്ന നഷ്ടം ഒഴിവാക്കുക എന്നതാണാവശ്യം. ഒരു തെററു തിരുത്തലാണ് പ്രായശ്ചിത്തം കൊണ്ടുദ്ദേശിക്കുന്നത്. അതിനാൽ മാററവും പ്രായശ്ചിത്തവും ഏതാണ്ട് ഒരേ ആശയത്തെ സൂചിപ്പിക്കുന്നു. പ്രായശ്ചിത്തത്തെ ചിത്രീകരിക്കുന്ന പല സംഭവങ്ങളും വേദപുസ്തകത്തിൽ നമുക്കു വായിക്കാൻ കഴിയും. യേശുവിനോടു സംസാരിച്ച സക്കായിയുടെ കാര്യം ലൂക്കൊസ് 19-ാം അദ്ധ്യായം 8-ാം വാക്യത്തിൽ നാം വായിക്കുന്നുണ്ട്. അവൻ യേശുവിനോടു പറയുന്നതു: ''കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നു; വല്ലതും ചതിവായി വാങ്ങിയിട്ടുണ്ടെങ്കിൽ നാലു മടങ്ങു മടക്കികൊടുക്കുന്നു എന്നു പറഞ്ഞു''. സക്കായിയുടെ ജോലി ചുങ്കം പിരിക്കലായിരുന്നു. അവനറിയാം അവൻ തെററു ചെയ്തിട്ടുണ്ടെന്ന്. തെററായ രീതിയിൽ അവൻ പണം സമ്പാദിച്ചിരുന്നു. എന്നാൽ അവൻ ആ തെററു തിരുത്തിയിരുന്നു. അവൻ അതെങ്ങനെ ചെയ്തു ? നാലു മടങ്ങായി മടക്കി കൊടുത്തു. ഇന്നു അത്തരത്തിലുള്ള ഒരാൾ തന്റെ തെററ് എങ്ങനെ തിരുത്തും ? മടക്കി കൊടുക്കുന്നതിലൂടെ. ഉദാഹരണമായി ഒരാൾ നിങ്ങളുടെ പണം വഞ്ചിച്ചെടുത്തു എന്നു വിചാരിക്കുക. അല്ലെങ്കിൽ വസ്തു ആയിരിക്കാം എടുത്തത്. അയാൾ നിങ്ങളുടെ അടുക്കൽ വന്നു സ്നേഹിതാ എനിക്കു തെററു പററി പോയി. ഞാൻ

അതിൽ ഖേദിക്കുന്നു എന്നു പറഞ്ഞിട്ടു പണമോ വസ്തുവോ തിരികെ തരാതെ പോയാൽ അയാം വാസ്തവത്തിൽ മാനസാന്തരപ്പെട്ടോ ? ഒരിക്കലുമില്ല.

പ്രായശ്ചിത്തം ചെയ്യുക എന്നതു വിഷമം പിടിച്ച ഒന്നാണ്. ചിലർ അവിഹിതമായി നേടിയതാണ് തിരിച്ച് കൊടുക്കേണ്ടി വരിക. വേറെ ചിലർ അവിഹിത ബന്ധം പുലർത്തി വരുന്നതാണ് ഉപേക്ഷിക്കേണ്ടി വരിക. അതെന്തായാലും ശരി നാം ചിന്തിക്കേണ്ടതു നമ്മുടെ ജഡിക സുഖത്തേക്കാൾ ദൈവ കല്പനയെ അനുസരിക്കേണം എന്നതാണ്. ഈ ലോക ജീവിതത്തിൽ നമുക്കു പാപത്തിൽ നിന്നു തിരിയുവാൻ കഴിയുന്നില്ലെങ്കിൽ, അഥവാ മാറ്റം വരുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ അതിനു അവസരം ലഭിക്കുകയില്ല എന്നോർക്കണം. നമ്മുടെ മനസ് ദൈവികമായി തിരിയണം. പ്രായശ്ചിത്തം സംഭവിച്ചില്ലെങ്കിൽ നമുക്കു നേരിടുന്ന വലിയ നഷ്ടത്തെ തിരിച്ചറിയുക.

മാനസാന്തരം എന്ന വിഷയം നമ്മുടെ രക്ഷയുമായി നേരിട്ടു ബന്ധപ്പെട്ടിരിക്കയാണ്. ആകയാൽ അതു ശരിയായി പഠിച്ച് മനസിലാക്കി പ്രാവർത്തികമാക്കണം. അതിന്റെ പ്രാധാന്യത്തെ നാം അറിഞ്ഞിരിക്കണം. ബുദ്ധി കൊണ്ടു നാം മനസിലാക്കിയാൽ നമ്മുടെ വിശ്വാസ ജീവിതത്തിൽ അതു പ്രകടമാകണം. ദുഃഖം, മാറ്റം, പ്രായശ്ചിത്തം മനസിലും, സ്വഭാവത്തിലും പ്രവർത്തിയിലും ഈ അന്തരം നമുക്കായി പരിണമിക്കണം. പരമാർത്ഥ ഹൃദയത്തോടെ നമുക്കു മാനസാന്തരപ്പെടുവാൻ കഴിഞ്ഞാൽ ദൈവ സന്നിധിയിൽ നമുക്കു പ്രതിഫലമുണ്ടാകും. അങ്ങനെ ദിനംതോറും ദൈവത്തിന്റെ കൃപയിലും കർത്താവിന്റെ പരിജ്ഞാനത്തിലും നമുക്കു വളരാം.

★

# ഈ കാര്യങ്ങളെ കുറിച്ച് ചിന്തിക്കുക

**W. A. ഹോളെ**

ഫിലിപ്പിയ ലേഖനം നാലാം അദ്ധ്യായം എട്ടാം വാക്യം ശ്രദ്ധിക്കുവാനായി എന്നോടു ഒരു സ്ത്രീ അപേക്ഷിച്ചു. അവർ ദയയും, കൃപയും, ആത്മാർത്ഥതയും വിനയവും ഉള്ള ഉദാത്ത സ്വഭാവത്തിനുടമയായ സഹോദരിയായിരുന്നു അവർ. എന്നെ പോലെ അവരും പ്രായാധിക്യത്തിലെത്തി നില്ക്കുന്നു. എന്നാൽ ആത്മീയമായി അവർ ഇന്നും യുവത്വത്തിൽ തന്നെ. ആരും ശ്രദ്ധിക്കാതിരിക്കുന്ന കാര്യങ്ങളിൽ അവർ ശ്രദ്ധിച്ച് ശക്തിപ്പെടുന്നുണ്ട്. കൂടാതെ പരിശുദ്ധാത്മാവിൽ അവർ പ്രബലപ്പെടുന്നു'എന്നതും സവിശേഷത തന്നെയാണ്. ശാരീരികമായ പ്രായം ആത്മീയ കാര്യങ്ങൾക്കു തടസം ആകാത്ത വിധം ഉറപ്പും പ്രത്യാശയും ഉള്ള ഒരു പാത്രമായിരുന്നു അവർ.

ഒടുവിൽ സഹോദരന്മാരേ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും, നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽകീർത്തിയായതു ഒക്കെയും, സൽഗുണമോ പുകഴ്ച്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ. പൌലൊസ് അപ്പൊസ്തലൻ ഫിലിപ്പിയർക്കു ലേഖനമെഴുതുമ്പോഴാണ് ഇങ്ങനെ ചിന്തിക്കുവാൻ പറയുന്നത്. പുറത്തുള്ളവരിൽ ഈ വിചാരം കാണുകയില്ല എന്നു നമുക്കറിയാം. അങ്ങനെ ഉണ്ടായിരുന്നെങ്കിൽ സമൂഹം എത്ര ശ്രേഷ്ഠമാകുമായിരുന്നു. എന്നാൽ ക്രിസ്ത്യാനികളായി തീർന്നവരിൽ ഈ ചിന്തകൾ അത്യന്താപേക്ഷിതമാണ്. ക്രിസ്തീയ ജീവിതം ശോഭനമാകുന്നതു ചിന്തിച്ച് അപ്രകാരം ആയിതീരുമ്പോഴാണ്. വാക്കിൽ മാത്രം ഒതുങ്ങി നില്ക്കുന്ന ഒന്നല്ല ക്രിസ്ത്യാനിത്വം.

ഈ ലേഖനം എഴുതുന്നതു യൂറോപ്പിലെ ആദ്യത്തെ ക്രിസ്തുവിന്റെ സഭയ്ക്കാണ് (പ്രവൃത്തി 16:12-40). പൌലൊസിന്റെ കാലത്തു ഫിലിപ്പിയ പട്ടണം വളരെ പ്രാധാന്യമുള്ള പട്ടണം ആയിരുന്നു. ഇവിടെയുള്ള ലുദിയയോടു പൌലൊസ് സുവിശേഷം അറിയിച്ചു. ഒരു സ്ത്രീയിൽ നിന്നു അശുദ്ധാത്മാവിനെ പുറത്താക്കി. കാരാഗ്രഹപ്രമാണിയെ സ്നാനപ്പെടുത്തുകയും ചെയ്തു. അവിടെയുള്ള കർത്താവിന്റെ ശിഷ്യന്മാരെ ആത്മികമായി സ്ഥിരപ്പെടുത്തുക എന്ന ഉദ്ദേശം ഇതിൽ അടങ്ങിയിട്ടുണ്ട്.

ഫിലിപ്പിയയിലെ ക്രിസ്ത്യാനികൾ പൌലൊസിനു എത്തിച്ചു കൊടുത്ത സംഭാവനക്കു നന്ദി അറിയിക്കുവാൻ കൂടെയാണ് അവൻ ഇതു എഴുതുന്നത്. അവരിലുള്ള തെറ്റുകൾ തിരുത്തുവാനായിരുന്നില്ല ഇതെഴുതിയത്. ഫിലിപ്പിയ സഭയിൽ അന്നുണ്ടായിരുന്ന കലക്കം, രണ്ടു സ്ത്രീകൾ തമ്മിലുള്ള പ്രശ്നമായിരുന്നു. കർത്താവിൽ ഏക ചിന്തയോടിരിപ്പാൻ ലവൊദ്യയെയും സുന്തുകയെയും പൌലൊസ് പ്രബോധിപ്പിക്കുന്നുണ്ട് (ഫിലിപ്പിയർ 4:2). പരസ്പരം വിദ്വേഷം പുലർത്തി കഴിയുന്ന ക്രിസ്തീയ സഹോദരിമാർക്കു അതെത്ര ലജ്ജാകരമെന്നോർക്കുക. ചിലപ്പോൾ അന്യോന്യം സംസാരിക്കാതിരിക്കും. നാമെല്ലാം ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങളാണെന്ന് ഓർത്തു ക്ഷമിച്ചും സഹിച്ചും പോകണം (എഫെസ്യർ 4:25-32).

ഓരോ ക്രിസ്ത്യാനിയിലും കാണേണ്ട സൽഗുണങ്ങളാണ് ഫിലിപ്പിയർ 4-ാം അദ്ധ്യായം എട്ടാം വാക്യത്തിൽ ഉള്ളത്. സത്യം, ഘനം, നീതി, നിർമ്മലം, രമ്യം, സൽക്കീർത്തി, പുകഴ്ച്ച എന്നിവയാണവ. എല്ലാ ക്രിസ്ത്യാനികളിലും ഉണ്ടാകേണ്ട സ്വഭാവ ഗുണങ്ങളാണ് മേൽ പറഞ്ഞവ.

**സത്യമായതു ഒക്കെയും** : ഭോഷ്ക്കല്ലാത്തതെന്തും

സത്യമാണ്. അവർ അവരുടെ വാഗ്ദാനങ്ങളിൽ സത്യസന്ധത പാലിക്കണം. വാക്കു പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യണം. അവരുടെ സൗഹൃദബന്ധം സത്യസന്ധമായിരിക്കണം.

**ഘനമായതൊക്കെയും:** വിശുദ്ധമായവക്കു ഊന്നൽ കൊടുക്കുന്നതിനെ സൂചിപ്പിക്കുന്നു. മന:സാക്ഷിയെ ലംഘിക്കാതെ ബഹുമതിയും ആദരവും കാത്തു സൂക്ഷിക്കണം. ദൈവ നിയമത്തെ വിട്ടു വീഴ്ച്ചയില്ലാതെ കാത്തുകൊള്ളണം.

**നീതിയായതു ഒക്കെയും :** ദൈവ മുൻപാകെ ശരിയായതു മാത്രം ചെയ്യുക. പുരുഷൻ പുരുഷനോടും സ്ത്രീ സ്ത്രീയോടും, കുട്ടികൾ കുട്ടികളോടും ഉള്ള പെരുമാററത്തിൽ നാം നീതിയുള്ളവരായിരിക്കണം. നീതി എല്ലായ്പോഴും ജയിക്കും. നീതിയെ ചവിട്ടിമെതിച്ചേക്കാം. പക്ഷെ അതു വീണ്ടും ഉണർന്നു വരും.

**നിർമ്മലമായതു ഒക്കെയും :** വിചാരവും പ്രവൃത്തിയും മാന്യതക്കു വേണ്ടിയുള്ളതാകണം. നമ്മുടെ പെരുമാററം മര്യാദയോടെയാണ്. അകമെയുള്ളതു വിശുദ്ധിയായിരിക്കണം പുറമെ ദൃശ്യമാകേണ്ടത്. നാണിപ്പിക്കുന്ന സ്ത്രീ പുരുഷന്മാരിൽ സാരമായ എന്തോ കുഴപ്പം ഉണ്ടെന്നു വ്യക്തം.

**രമ്യമായതു ഒക്കെയും :** മറെറാരു വ്യക്തിയെ സ്നേഹിക്കുവാൻ കഴിയുന്ന സ്വഭാവം ഉയർന്നതു തന്നെ. അങ്ങനെയുള്ളയാൾ പ്രസാദകരമായ, യോജിപ്പുള്ള, ആഹ്ളാദമുള്ള ആളായിരിക്കും. ഒരു ക്രിസ്ത്യാനി ആരോടും കയ്പായിരിക്കയോ കോപിഷ്ഠനായി പെരുമാറുകയോ അരുത്. പൊട്ടിത്തെറിക്കുന്ന മനോഭാവം നമ്മുടെ സൽപേരിന്നു കളങ്കം വരുത്തും.

**സൽകീർത്തിയായതു ഒക്കെയും** : ചരിത്രം നോക്കിയാൽ എല്ലാ ദേശങ്ങളിലും ദൈവത്തിന്റെ ധാർമ്മിക നിയമം വ്യാപിച്ചിട്ടുണ്ട് എന്നു മനസിലാകും (റോമർ 2:13-14). മോഷ്ടിക്കുന്നതും മററൊരാളുടെ ഭാര്യയെ സ്വീകരിക്കുന്നതും കൊല ചെയ്യുന്നതും തെററു പ്രചരിപ്പിക്കുന്നതും എന്നും പാപം തന്നെയാണ് (പുറപ്പാട് 20:1-3). ഇതൊക്കെ സംഭവിക്കുന്നതു കാണുമ്പോൾ ഇപ്പോൾ ഞെട്ടൽ അനുഭവപ്പെടാറില്ല. കാരണം അതെല്ലാം വർദ്ധിച്ചു വരികയാണ്. ധാർമ്മികമായ കടമ എന്നും ദൈവേഷ്ടത്തെ ഉറപ്പിക്കുന്നു.

**സൽഗുണം** : നന്മ, നല്ല തോന്നൽ, സംശുദ്ധ പ്രവൃത്തി, ധാർമ്മിക ഔന്നത്യം എന്നിവ അടങ്ങുന്നതാണ് ഈ ഗുണം. ഇടത്തരം മനോഗുണങ്ങളിൽ തൃപ്തിപ്പെടാൻ ഒരിക്കലും ഒരു യഥാർത്ഥ ക്രിസ്ത്യാനിക്കു സാദ്ധ്യമല്ല (തീത്തൊസ് 2:11-12; റോമർ 12:1-2).

**പുകഴ്ച്ച** : നമ്മുടെ കണ്ണുകൾ തുറക്കേണ്ട സാഹചര്യം ഉൾപ്പെടുന്നതാണ് ഇത്. പുകഴ്ച്ച ലഭിക്കത്തക്ക വിലയുള്ള കാര്യങ്ങളെ നാം കാണണം. നമ്മിലുള്ള മനോഹാരിതയെ നാം കാണാതെ നിഷ്ക്രിയത്വത്തെ കുറിച്ച് വ്യാകുലപ്പെടാറുണ്ട്. ചിരിച്ചാൽ കരയും എന്ന തോന്നൽ ഉള്ളതുകൊണ്ട് ചിരിക്കാതിരിക്കുന്നവരെ കുറിച്ച് കേട്ടിട്ടില്ലേ ഏതാണ്ട് അതു പോലെയാണിത്.

**ഇത് ഒക്കെയും ചിന്തിച്ചുകൊൾവിൻ** : സത്യത്തിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങൾ നമ്മുടെ മനസിൽ പതിയണം. ജീവിതത്തോടുള്ള ഒരാളുടെ മനോഭാവം അഥവാ കാഴ്ച്ചപ്പാട് അയാളെ ഒന്നുകിൽ സന്തോഷമുള്ളവനാക്കും അല്ലെങ്കിൽ ദുഃഖിതനാക്കും. മനസിനു ശക്തി പകരുന്നതിനെ കുറിച്ച് ചിന്തിക്കുക.

★

# ആരാധനക്കു നിങ്ങൾ എന്തുകൊണ്ടു വന്നിരിക്കുന്നു ?

കെവിൻ ഡി. ബി.

ആളുകൾ ആരാധനക്കു വരുമ്പോൾ അവരുടെ കയ്യിൽ പലതും കൊണ്ടുവരാറുണ്ട്. കൊച്ചുകുട്ടികൾ ഉള്ള അപ്പനും അമ്മയും കുട്ടികൾക്കാവശ്യമുള്ള വസ്തുക്കൾ കൊണ്ടുവരാറുണ്ട്. ഭൂരിഭാഗം പേരും അവരുടെ ബൈബിളും പാട്ടു പുസ്തകവും കൊണ്ടുവരാറുണ്ട്. ചിലർ പ്രസംഗം എഴുതി എടുക്കാൻ പേപ്പറും പേനയും കൊണ്ടുവരാറുണ്ട്. നിങ്ങൾ എല്ലാ ഞായറാഴ്ച്ചയും ഇവയെല്ലാം മറന്നുപോകാതെ കൊണ്ടുവരുന്നുണ്ടാകാം. എന്നാൽ ഏററവും പ്രാധാന്യമർഹിക്കുന്ന കാര്യങ്ങൾ കൊണ്ടുവരാൻ നിങ്ങൾക്കു കഴിയാറുണ്ടോ ?

## 1 ബഹുമാനിക്കുന്ന സ്വഭാവം കൊണ്ടുവരാറുണ്ടോ ?

ആദരവ്, ധ്യാനം, പുകഴ്ച്ച എന്നിവ നാം ദൈവത്തിനു പൂർണ്ണമായി നല്കേണ്ടവരാണ്. ദൈവം മഹാ പരിശുദ്ധനാണ്. അവൻ ആദരണീയനാണ്. ദൈവത്തെ നമസ്ക്കരിക്കുന്നവർ അവരുടെ ഉള്ളിൽ ദൈവത്തിനു എത്ര ഉയർന്ന സ്ഥാനമാണ് നല്കുന്നതു എന്നതു പ്രാധാന്യമുള്ള കാര്യമാണ്. മററു ലൗകികമായ കാര്യങ്ങൾ ചെയ്യുന്നതുപോലെയല്ല നാം ദൈവ മുൻപാകെ ആരാധിക്കുക എന്നത്. ആരാധനയുടെ സ്വഭാവം നമ്മുടെ മനോഭാവം അനുസരിച്ച് വ്യത്യാസം ജനിപ്പിക്കും. മനുഷ്യരുടെ മുൻപിൽ അതു പ്രകടമല്ലെങ്കിലും ദൈവം സകലതും കാണുകയും അറിയുകയും ചെയ്യുന്നുണ്ട്.

സഭയുടെ ആരാധനയിൽ സജീവമായി പങ്കെടുക്കേണ്ടവരാണ് എല്ലാ അംഗങ്ങളും. ഒരു ചടങ്ങിനു മാത്രം വന്നു

പോകുന്ന മനോഭാവം തികച്ചും വേദനാജനകമാണ്. ആത്മീയ മനോഭാവം എന്നതു ആത്മീക പ്രബോധനത്തിനും വർദ്ധനവിനും പരിശ്രമിക്കണം. എല്ലാ കാര്യങ്ങളിലും പങ്കാളികളാകാനുള്ള മനോഭാവം അംഗങ്ങൾക്കെല്ലാം ഉണ്ടാകണം. നാം നമുക്കു തന്നെ പ്രാധാന്യം കൊടുക്കാതെ ദൈവത്തിനു മുൻഗണന കൊടുക്കണം. മററു സഹോദരങ്ങളെ ബഹുമാനിക്കുവാനും സ്വീകരിക്കുവാനും നമുക്കു കഴിയണം. ദൈവികത്വത്തെയും ദൈവത്തിന്റെ ശക്തിയെയും മററുള്ളവർക്കു നാം പ്രദർശിപ്പിച്ചു കൊടുക്കണം. ദൈവം നമ്മിൽ പ്രസാദിക്കണമെങ്കിൽ ദൈവേഷ്ട പ്രകാരം നാം ആരാധിക്കണം. ആരാധനക്കു വരുന്ന ഏതൊരാളുടേയും പെരുമാററം വചനപ്രകാരം ആയിരിക്കണം.

## 2. പ്രവർത്തിക്കുന്ന മനസു കൊണ്ടുവരാറുണ്ടോ?

ആരാധന എന്നതു നമ്മുടെ ഹൃദയവുമായി ബന്ധിച്ചു കിടക്കുന്ന ഒന്നാണ്. അതുകൊണ്ട് അതിനു ഒരു പ്രവർത്തികമായ മനസ് ആവശ്യമാണ്. ആചാരങ്ങളോ ഉത്സവങ്ങളോ കൊണ്ട് ദൈവത്തെ പ്രസാദിപ്പിക്കാമെന്നു വിചാരിക്കുന്നതു വെറുതെയാണ്. ഇസ്രായേൽ ജനങ്ങളുടെ ഹൃദയം ദൈവത്തിൽ നിന്നു അകന്നപ്പോൾ അവരുടെ യാഗങ്ങളും കാഴ്ചകളും ദൈവം വെറുത്തിരുന്നു. ''നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്ക് എന്തിന് എന്നു യഹോവ അരുളിച്ചെയ്യുന്നു. ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച്ച കൊണ്ടു വരരുത്; ധൂപം എനിക്കു വെറുപ്പാകുന്നു: അമാവാസ്യയും ശബ്ബത്തും സഭായോഗം കൂടുന്നതും നീതികേടും ഉത്സവയോഗവും എനിക്കു സഹിച്ചുകൂടാ. നിങ്ങളുടെ അമാവാസ്യകളെയും ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു: അവ എനിക്കു അസഹ്യം: ഞാൻ അവ സഹിച്ചു മുഷിഞ്ഞിരിക്കുന്നു. നിങ്ങൾ കൈ മലർത്തുമ്പോൾ ഞാൻ എന്റെ കണ്ണു മറെച്ചുകളയും. നിങ്ങൾ എത്രതന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കുകയി

ല്ല. നിങ്ങളുടെ കൈ രക്തം കൊണ്ടു നിറഞ്ഞിരിക്കു ന്നു. ദൈവം അതിനു പരിഹാരമാർഗ്ഗം ഉപദേശിച്ചുകൊ ടുക്കുന്നുണ്ട്.

"നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്ര വൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിൻ മുൻപിൽ നി ന്നു നീക്കി കളവിൻ. തിന്മ ചെയ്യുന്നതു മതിയാക്കുവിൻ. നന്മ ചെയ്‌വാൻ പഠിപ്പിൻ. മീഖാ പ്രവാചകൻ രേഖപ്പെ ടുത്തിയിരിക്കുന്നതു ഇപ്രകാരമാകുന്നു: എന്തൊന്നുകൊ ണ്ടു ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്നു അത്യുന്ന ത ദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു ? ഞാൻ ഹോമ യാഗങ്ങളോടും ഒരു വയസു പ്രായമുള്ള കാളക്കിടാങ്ങളോ ടും കൂടെ അവന്റെ സന്നിധിയിൽ ചെല്ലേണമോ ? ആയി രം ആയിരം ആട്ടുകൊററനിലും പതിനായിരം പതിനായി രം തൈലനദിയിലും യഹോവ പ്രസാദിക്കുമോ ? എന്റെ അതിക്രമത്തിനു വേണ്ടി ഞാൻ എന്റെ ആദ്യ ജാതനെയും ഞാൻ ചെയ്ത പാപത്തിനു വേണ്ടി എന്റെ ഉദരഫലത്തെ യും കൊടുക്കേണമോ ? ന്യായം പ്രവർത്തിപ്പാനും ദയാത ല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയി ൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോ വ നിന്നോടു ചോദിക്കുന്നത് ? ആരാധന എന്നതു കഴി ഞ്ഞുപോയ ഒന്നല്ല. വർത്തമാന കാലത്തിൽ നാം അനുഷ്ഠ ിക്കേണ്ട കർത്തവ്യമാണ്. സങ്കീർത്തനങ്ങളാലും സ്തു തികളാലും ദൈവത്തെ നമസ്ക്കരിക്കണം. നാം ചെയ്യുന്ന തു ദൈവാധികാരത്തിലായിരിക്കണം. പാട്ടു പാടുന്നതും ഹൃദയത്തിൽ നിന്നായിരിക്കണം. ബാഹ്യമായ ഒരു പ്രഹ സനം ആകരുത് എന്നർത്ഥം (എഫെസ്യർ 3:16).

ദൈവത്തിനു നാം നല്കുന്നതെല്ലാം സന്തോഷത്തോ ടെ ആകണം. മനുഷ്യർക്കു കൊടുക്കുന്നതും അങ്ങനെത ന്നെ ആകണം. പഴയ നിയമത്തിൽ ദശാംശം ആയിരുന്നു ജനങ്ങൾ നല്കിയിരുന്നത്. എന്നാൽ പുതിയ നിയമ ത്തിൽ, അവനവൻ ഹൃദയത്തിൽ നിശ്ചയിച്ചതുപോലെ

ആയിരിക്കണം കൊടുക്കേണ്ടത് (2 കൊരിന്ത്യർ 9:7). പ്രാപ്തി പോലെയും പ്രാപ്തിക്കു മീതെയും കൊടുത്ത മാതൃക നാം പുതിയ നിയമ സഭയിൽ കാണുന്നുണ്ട്. ലോഭമായി വിതെക്കുന്നവൻ ലോഭമായി കൊയ്യും. ധാരാളമായി വിതെക്കുന്നവൻ ധാരാളമായി കൊയ്യും. ബൈബിൾ തത്വം മനസിലാക്കി പ്രാവർത്തികമാക്കിയാൽ അതുകൊണ്ടു ഫലമുണ്ടാകും. ഇനി കർത്തൃമേശയുടെ കാര്യം എടുക്കാം. യേശുവിന്റെ മരണത്തെ ഓർക്കുവാനുള്ള ആചാരമാണ് കർത്താവിന്റെ അത്താഴം. അവന്റെ രണ്ടാം വരവു വരെ അഥവാ ഒരു ക്രിസ്ത്യാനിയുടെ മരണം വരെ അനുവർത്തിക്കേണ്ട നിയമമാണത് (1 കൊരിന്ത്യർ 11:23-26). വിവേചനത്തോടുകൂടെ എടുക്കേണ്ട ഒന്നാണിത്. അതിനു മനസ്സ് പ്രവർത്തിക്കണമല്ലോ. പ്രാർത്ഥനയും ഓരോരുത്തരും നടത്തേണ്ടതാണ്. പ്രവർത്തിക്കുന്ന മനസ്സു പ്രാർത്ഥനക്കും ആവശ്യമാണ് (യാക്കോബ് 5:16). ദൈവ വചന പഠനവും പ്രബോധനവും ആരാധനയിൽ ഉൾപ്പെടുന്നുണ്ട്. ഇവയ്ക്കും പ്രാവർത്തികമായ മനസ്സു വേണം (പ്രവൃത്തി 2:42, 17:11).

## 3. നിർമ്മല ഹൃദയം കൊണ്ടുവന്നിട്ടുണ്ടോ ?

സത്യം അനുസരിക്കുന്നതിനാലാണ് ഒരാളുടെ ഹൃദയം ദൈവം വിശുദ്ധീകരിക്കുന്നത്. യേശുവിന്റെ രക്തത്താൽ കഴുകി വെടിപ്പാക്കുകയാണ് ചെയ്യുന്നത്. ഏതൊരാളുടേയും ആരാധന നിഷേധിക്കപ്പെടുവാനുള്ള മുഖ്യകാരണം ഹൃദയ ശുദ്ധിയില്ലാതെ ദൈവത്തെ ആരാധിക്കുന്നു എന്നതാണ്. മീഖാ പ്രവാചകൻ അതു വെളിപ്പെടുത്തിയിട്ടുണ്ട് (മീഖാ 6:6-8). കാപട്യം ദൈവത്തിനിഷ്ടമല്ല; സത്യസന്ധതയാണ് ദൈവത്തിനിഷ്ടം.

*

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH -** The Voice of Truth - Speakers: **Reggi Gnanasundaram** and **J. C. Choate**
All correspondence should be sent to The Voice of Truth.
Post Box 3815, New Delhi - 110 049.
Fridays - 7.45 to 8.00 P.M.

**HINDI -** Satya Susamachar-Speaker. **Sunny David.**
All correspondence should be sent to
Satya-Susamachar.
Post Box 3815, New Delhi - 110 049.
Sundays - 8.45 to 9.00 P.M.
Tuesdays - 9.00 to 9.15 P.M.
Thursdays - 9.00 to 9.15 P.M.

**TELUGU -** The Voice of Truth-Speaker: **Joshua Gootam**
All correspondence should be sent to The Voice of Truth
Post Box 80, Kakinada - 533 001.
Sundays - 2.00 to 2.15 P.M.
Tuesdays - 2.00 to 2.15 P.M.
Thursdays - 2.00 to 2.15 P.M.

**TAMIL -** "The Way of Truth"-Speaker: **P. R. Swamy**
All correspondence should be sent to The Way of Truth
Post Box 8405, Bangalore - 560 084
Thursdays - 6.45 to 7.00 P.M.
Sundays - 6.45 to 7.00 P.M.

**MALAYALAM -** The Voice of Truth -Speaker: **P. K. Varghese**
All correspondence should be sent to Church of Christ
Trivandrum - 695 034, Kerala.
Fridays - 3.45 to 4.00 P.M.

**KANNADA -** The Voice of Truth - **Speaker : Robert Rathnakar** - Box. 448, Bangalore - 560 004
Sundays - 1.45 to 2.00 P.M.

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

---

Edited: Printed and Published by P. K. Varghese Church of Christ Tvm : Printed at Joshah Printers, Trivandrum.

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*you are cordially invited*
To Attend
**Services and Bible Studies**

Sunday - 10.00 a.m.
Tuesday - 6.30 p.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum - 34, Kerala, South India.

To

From

**THE BIBLE TRUTH**
**Church of Christ**
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378